# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 04/11/2021

## രാത്രി വീട്ടിൽ കയറി ഗൃഹനാഥനേയും ഭാര്യയേയും ആക്രമിച്ചവർ പോലീസ് പിടിയിൽ

കൊല്ലം : വീട്ടിൽ കയറി ഗൃഹനാഥനേയും ഭർത്താവിനേയും ആക്രമിച്ച സംഘം പോലീസ് പിടിയിലായി. പുന്തലത്താഴം കല്ലുവിള വീട്ടിൽ ശ്രീധരൻ മകൻ മധു (42), പേരൂർ തെറ്റിച്ചിറ പുത്തൻ വീട്ടിൽ അർജ്ജുനൻ മകൻ സുനി (40), പുന്തലത്താഴം മീനാക്ഷി നഗർ പറങ്കിമാംവിള വീട്ടിൽ കൊച്ചുചെറുക്കൻ മകൻ ദിലീപ് (45), മുണ്ടയ്ക്കൽ ഈസ്റ്റ് കളീക്കൽ കടപ്പുറത്ത് അബ്ദുൽ റഹീം മകൻ ഷാനവാസ് (32) എന്നിവരാണ് കിളികൊല്ലൂർ പോലീസിന്റെ പിടിയിലായത്. തെറ്റിച്ചിറ എസ്.എം.ഡി സ്ക്കൂളിന് സമീപം ആദം കാസിലിൽ താമസിക്കുന്ന മുതിർന്ന പൗരനായ സജീവിനെയും ഭാര്യയേയും വീട്ടിൽ കയറി ആക്രമിച്ചതിനാണ് ഇവർ പിടിയിലായത്. ഇന്നലെ രാത്രി അക്രമി സംഘം സജീവിന്റെ വീടിന് സമീപം നിന്ന് അസഭ്യം വിളിച്ചത് ഇയാൾ ചോദ്യം ചെയ്ത വിരോധത്തിലാണ് ഇവർ ആക്രമിച്ചത്. സജീവിനെ അടിച്ച് വീഴ്ത്തി തറയിലിട്ട് ചവിട്ടുന്നത് കണ്ട് പിൻതിരിപ്പിക്കാൻ ശ്രമിച്ച ഇയാളുടെ ഭാര്യയേയും അക്രമി സംഘം ആക്രമിക്കുകയായിരുന്നു. സംഭവത്തിൽ പരിക്കേറ്റ ഇരുവരും ജില്ലാ ആശുപത്രിയിൽ ചികിത്സ തേടി. സംഭവം അറിഞ്ഞെത്തിയ പോലീസ് സംഘം അക്രമികളെ സ്ഥലത്ത് നിന്നും പിടികൂടുകയായിരുന്നു. കിളികൊല്ലൂർ ഇൻസ്പെക്ടർ കെ.വിനോദിന്റെ നേതൃത്വത്തിൽ സബ് ഇൻസ്പെക്ടർമാരായ അനീഷ്.എ.പി, ശ്രീനാഥ് വി.എസ്, ജാനസ് പി ബേബി, മധു, എ.എസ്.ഐ ലതിക, സിപിഒ മാരായ ഗോപകുമാർ, സാജൻ ജോസ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. ഇവരെ റിമാന്റ് ചെയ്തു.


മധു


സുനി


ദിലീപ്


ഷാനവാസ്

## വീട്ടുപകരണങ്ങൾ എടുത്തുമാറ്റാൻ സഹായിച്ച യുവാക്കളെ ആക്രമിച്ച സംഘത്തിലെ ഒളിവിലായിരുന്നയാൾ പോലീസ് പിടിയിൽ

കൊല്ലം : സുഹൃത്തിന്റെ വീട് മാറ്റവുമായി ബന്ധപ്പെട്ട് സഹായിക്കനെത്തിയ യുവാക്കളെ ആക്രമിച്ച സംഘത്തിലെ ഒളിവിലായിരുന്നയാൾ പോലീസ് പിടിയിലായി. തൃക്കോവിൽവട്ടം വില്ലേജിൽ പാങ്കോണം പണയിൽ വീട്ടിൽ രാമചന്ദ്രൻ മകൻ സുരേഷ് (വട്ട് സുരേഷ്, 23) ആണ് പോലീസ് പിടിയിലായത്. പ്രദീപ് എന്നയാളിന്റെ വാടക വീട് മാറുന്നതുമായി സഹായിക്കാൻ എത്തിയ ഇയാളുടെ സുഹൃത്ത് സംഘമാണ് ആക്രമണത്തിന് ഇരയായത്. തൃക്കോവിൽവട്ടം പാങ്കോണം കശുവണ്ടി ഫാക്ടിക്കടുത്തുള്ള ഷാജിതയുടെ വീട്ടിൽ


ബിജു @ രോമാഞ്ചം ബിജു

നിന്നും ഗൃഹോപകരണങ്ങൾ എടുത്തു മാറ്റുമ്പോഴായിരുന്നു ആക്രമണം ഉണ്ടായത്. പുറത്ത് നിന്നുള്ളവർ തൊഴിൽ ചെയ്യേണ്ടയെന്ന് ആക്രോശിച്ച് കൊണ്ട് അക്രമി സംഘം ഇവരെ ആക്രമിക്കുകയായിരുന്നു.

Dated : 04/11/2021

സംഭവത്തിൽ നാല് പേർക്ക് പരിക്ക്പ്പറ്റി. മുഖാസ്ഥിക്ക് പൊട്ടലേറ്റ മുണ്ടക്കൽ സ്വദേശി യായ പ്രജിത്ത് ജില്ലാ ആശു പത്രി യിലും തുടർന്ന് തിരുവന ന്തപുരം മെഡിക്കൽ കോളേ ജിലും ചികിത്സ തേടി. അംഗീ കൃത ചുമട്ടുതൊഴിലാളി സംഘ ടനകളുമായി ബന്ധമില്ലാത്ത ഈ ആക്രമി സംഘത്തിലെ രണ്ട് പേരെ കഴിഞ്ഞ അഞ്ചാം തീയതി പോലീസ് പിടികൂടി യിരുന്നു. സംഘത്തിലെ ഇയാ ൾ പോലീസിനെ ഒളിച്ച് മാറി താമസിക്കുകയായിരുന്നു. ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസിന്റെ നിർദ്ദേശാ നുസരണം ചാത്തന്നൂർ അസി സ്റ്റന്റ് കമ്മീഷണർ ബി. ഗോപ കുമാറിന്റെ നേതൃത്ത്വത്തിൽ സബ്ബ് ഇൻസ്പെക്ടർമാരായ സുജിത്ത് ജി നായർ, ഷിഹാ സ്, ജോയി, എ.എസ്സ്.ഐ സുനിൽ കുമാർ സി.പി.ഒ സാം ജി ജോൺ, അനൂപ്, ബിജൂ എന്നി വരടങ്ങിയ സംഘമാണ് ഇയാ ളെ പാങ്കോണത്ത് നിന്നും പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.